# കേരള സർവകലാശാല

നം.പി.ആർ.184/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

ആഗസ്റ്റ് 17 ന് തുടങ്ങാനിരുന്ന നാലാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.പി.എ, എം.എസ്.ഡബ്യ്യൂ, എം.എം.സി.ജെ (റെഗുലർ, സപ്ലിമെന്ററി & മേഴ്‌സി ചാൻസ്) പരീക്ഷകൾ ആഗസ്റ്റ് 20 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ (എം.പി.ഇ) ഒന്നാം വർഷ പരീക്ഷാഫലം വെബ്സൈറ്റിൽ.

### ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ഒക്ടോബർ 4 ന് നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ വൈവാ വോസി സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ. പരീക്ഷാ കേന്ദ്രം – വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം, പാളയം

### യോഗ കോഴ്സ് പ്രവേശനം

സർവകലാശാലയുടെ വേദാന്തപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സിന്റെ (6 മാസം) പ്രവേശനം ആഗസ്റ്റ് 15 ബുധനാഴ്ച 10 മണിക്ക് സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലുള്ള വേദാന്തപഠന കേന്ദ്രത്തിൽ വച്ച് നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446409948, 6282155861 എന്ന നമ്പറിൽ ബന്ധപ്പെടുക.

### തിരുത്തലിന് അവസരം

സി.എസ്.എസ് മേയ് 2018 ൽ പി.ജി പഠനവകുപ്പുകളിലേക്ക് നടത്തിയ പ്രവേശനപരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അവരവരുടെ ബിരുദതല പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്തിയതിൽ തിരുത്തലുകൾ (ആവശ്യമുണ്ടെങ്കിൽ) വരുത്താൻ ആഗസ്റ്റ് 14 മുതൽ 18 വരെ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

### വിദൂര വിദ്യാഭ്യാസ പഠന വിഭാഗത്തിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം

സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വിഭാഗത്തിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ആഗസ്റ്റ് 16 മുതൽ ഓൺലൈനായി www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. ബി.എ (എക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഹിന്ദി), ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (ബി.ബി.എ), ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്),

ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ബി.സി.എ), ബി.കോം, ബി.എൽ.ഐ.സി, എം.എ (എക്കണോമിക്സ്, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സോഷ്യോളജി), എം.കോം, എം.എസ്.സി (കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്) എം.എൽ.ഐ.സി എന്നീ പ്രോഗ്രാമുകൾക്ക് 2018 – 19 അദ്ധ്യയന വർഷത്തിലേക്ക് അപേക്ഷിക്കാം.

സർവകലാശാലയുടെ റെഗുലർ കോഴ്സുകളുടെ അതേ സിലബസ് തന്നെയായിരിക്കും വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്കും. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഓൺലൈനായി ഫീസ് അടക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കും. അപേക്ഷകൾ നൽകാനുള്ള അവസാന തീയതി സെപ്റ്റംബർ 30. യു.ജി.സി നിർദ്ദേശ പ്രകാരം ഈ തീയതിക്ക് ശേഷം പ്രവേശനം സാധ്യമാകുന്നതല്ല. പ്രവേശന യോഗ്യത, മാനദണ്ഡങ്ങൾ എന്നിവ വ്യക്തമായി പരിശോധിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ത്രിദിന അന്തർദേശീയ കോൺഫറൻസ്

കാര്യവട്ടത്തുള്ള സാമ്പത്തിക ശാസ്ത്ര പഠനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സ്, 'സാമ്പത്തിക, പാരിസ്ഥിതിക, സാമൂഹിക' വിഷയങ്ങളെ ആസ്പദമാക്കി ത്രിദിന കോൺഫറൻസ് ആഗസ്റ്റ് 16, 17, 18 തീയതികളിൽ പാളയം സെനറ്റ് ചേംബറിൽ സംഘടിപ്പിക്കുന്നു. പ്രൊഫ.പ്രഭാത് പട്നായിക്, പത്മശ്രീ.എം.ചന്ദ്രദത്തൻ, പ്രൊഫ.പ്രണവ് മുഖോപാദ്യായ്, പ്രൊഫ.എം.എൻ മൂർത്തി, ഡോ.വെങ്കിടാചലം.എൽ, പ്രൊഫ.കെ.എൻ നൈനാൻ, ഡോ.അമിതാ ഷാ, ഡോ.കല്യാൺ ദാസ്, ഡോ.എൽ ഉമാമഹേശ്വരി, ഡോ.മനു.വി.മത്തായി, ഡോ.മഞ്ജുള എം എന്നിവർ മൂന്നു ദിവസങ്ങളിലായി പ്രഭാഷണം നടത്തും. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് അലെങ്കിൽ www.iucae.ku.in സന്ദർശിക്കുക.

## പൂർവ വിദ്യാർത്ഥി സംഗമം മാറ്റി

ചില സാങ്കേതിക കാരണങ്ങളാൽ അറബിക് വിഭാഗം നേരത്തെ നിശ്ചയിച്ചിരുന്ന പൂർവ്വ വിദ്യാർത്ഥി സംഗമവും ഖത്തർ യൂണിവേഴ്സിറ്റിയിലേക്കു പോകുന്ന വിദ്യാർത്ഥികളുടെ യാത്രയയപ്പും ഈ മാസം 18 ലേക്ക് മാറ്റിയിരിക്കുന്നു. മുഴുവൻ മെബർമാരും അന്നേദിവസം രാവിലെ 10 മണിക്ക് കാര്യവട്ടം അറബിക് വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

തിരുവനന്തപുരം.
14.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098